**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 120** **27-07-2021 - ൽ മറുപടിയ്ക്ക്**

**ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ . സണ്ണി ജോസഫ് | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല നിയമത്തിൽ മറ്റ് സർവ്വകലാശാലകൾ പ്രൈവറ്റ് രജിസ്ട്രേഷനിലൂടെ പഠന കോഴ്സുകൾ നടത്തുന്നത് തടയുന്നതിന് വ്യവസ്ഥയുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) | ഉണ്ട്. ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല നിയമത്തിൽ വിദൂര വിദ്യാഭ്യാസ ത്തിലൂടെയോ പ്രൈവറ്റ് രജിസ്ട്രേഷനിലൂടെയോ പഠനം നടത്തുന്നതും പഠനം നടത്താൻ ഉദ്ദേശിക്കുന്നതുമായ വിദ്യാർഥികളുടെ കാര്യങ്ങൾ 72 ആം വകുപ്പിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇതിലെ (1) ആം ഉപവകുപ്പ് പ്രകാരം ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയല്ലാതെ സംസ്ഥാന നിയമം മൂലം സ്ഥാപിതമായ മറ്റേതൊരു സർവകലാശാലയും അങ്ങനെയുള്ള വിദ്യാർഥികൾക്ക് അത്തരം പഠന കോഴ്സുകളിലേക്ക് പ്രവേശനം നല്കാൻ പാടുള്ളതല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട് എന്നാൽ അത്തരം സർവകലാശാലകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വിദ്യാർഥികൾക്ക് ബന്ധപ്പെട്ട സർവകലാശാലയുടെ പരീക്ഷകൾ എഴുതുന്നതിനും ബിരുദങ്ങൾ ലഭിക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്. ഉപവകുപ്പ് (2) പ്രകാരം സംസ്ഥാനത്തെ മറ്റു സർവകലാശാലകളിൽ വിദൂര വിദ്യാഭ്യാസത്തിലൂടെയോ / പ്രൈവറ്റ് രജിസ്ട്രേഷനിലൂടെയോ പഠന കോഴ്സിന് രജിസ്റ്റർ ചെയ്ത് പഠനം നടത്തിക്കൊണ്ടിരിക്കുന്ന ഒരു വിദ്യാർഥിക്ക് പഠനം പൂർത്തീകരിക്കാൻ ആവശ്യമായ ക്രമീകരണങ്ങൾ ഒരുക്കേണ്ടത് ബന്ധപ്പെട്ട സർവകലാശാലകളുടെ ചുമതലയായി രിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. |
| (ബി) | ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല നടത്തുന്ന കോഴ്സുകൾക്ക് യു.ജി.സി. യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിക്ക് 2021 ജനുവരി 29 ന് യുജിസിയിൽ നിന്ന് 2 (എഫ്) പദവി ലഭിക്കുകയുണ്ടായി. യുജി, പിജി പ്രോഗ്രാമുകളും ഡിപ്ലോമ, പോസ്റ്റ് ഗ്രാഡുവേറ്റ് ഡിപ്ലോമ, സർട്ടിഫിക്കറ്റ് തുടങ്ങിയ പ്രോഗ്രാമുകളും വിദൂര വിദ്യാഭ്യാസ മാതൃകയിൽ പ്രദാനം ചെയ്യുകയാണ് |

| | | | |
|---|---|---|---|
| | | | സർവകലാശാലയുടെ ലക്ഷ്യങ്ങളിൽ പ്രധാനം. 20 യുജി പ്രോഗ്രാമുകളും 9 പിജി പ്രോഗ്രാമുകളും തുടങ്ങാനാണ് സർവകലാശാല തയാറെടുക്കുന്നത്. യുജി, പിജി കോഴ്സുകൾ തുടങ്ങുന്നതിന് യുജിസിയുടെ കീഴിലുള്ള ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയുടെ അനുമതി ഓരോ പ്രോഗ്രാമിനും ലഭിക്കേണ്ടതുണ്ട് ഈ അനുമതി നൽകുന്നത് യുജിസിയുടെ 2020 ലെ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ റെഗുലേഷൻ പ്രകാരമാണ്. ഇതു പ്രകാരം, തുടങ്ങേണ്ട ഓരോ പ്രോഗ്രാമിന്റെയും സിലബസ്, പ്രോഗ്രാം പ്രൊജക്റ്റ് റിപ്പോർട്ട്, എൻടി ലെവൽ യോഗ്യതകൾ, പാഠ്യപദ്ധതി, ചോദ്യപേപ്പറുകളുടെ പാറ്റേൺ തുടങ്ങിയവ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയ്ക്ക് സമർപ്പിക്കണം. ഇവയെല്ലാം തയ്യാറാക്കിയിട്ടുണ്ട്. സർവകലാശാല ആരംഭിക്കാൻ ഉദ്ദേശിക്കുന്ന എല്ലാ പ്രോഗ്രാമുകളുടെയും പഠന വസ്തുക്കൾ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. അക്കാദമിക് അഡ്മിനിസ്ട്രേറ്റീവ് തലങ്ങളിൽ കൂടുതൽ അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കുന്ന പ്രവർത്തനങ്ങളും പൂർത്തിയായി വരുന്നു. നിലവിലെ കാമ്പസ്സിന് പുറമെ അക്കാദമിക പ്രവർത്തനങ്ങൾക്ക് വേണ്ടി പടിഞ്ഞാറേകൊല്ലം ഗവൺമെൻറ് ഹയർ സെക്കന്ററി സ്കൂളിൽ കേന്ദ്രീയ വിദ്യാലയം പ്രവർത്തിച്ചിരുന്ന ഭാഗങ്ങളും മറ്റും ഓപ്പൺ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനങ്ങൾക്ക് വിട്ടുനൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർവകലാശാലയ്ക്ക് ആവശ്യമായ രീതിയിൽ സ്കൂൾ കെട്ടിടങ്ങൾ മോടിപിടിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ഉടൻ പൂർത്തിയാകും. സർവകലാശാലയുടെ പഠന കേന്ദ്രങ്ങളായി സർക്കാർ കോളേജുകൾ അനുവദിക്കാൻ തത്വത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. നാല് റീജിയണൽ കേന്ദ്രങ്ങൾ സ്ഥാപിച്ച് അവയുടെ പ്രവർത്തനം ആരംഭിക്കാനുള്ള തീരുമാനവും സർക്കാർ തത്വത്തിൽ കൈക്കൊണ്ടിട്ടുണ്ട് കൂടാതെ ആവശ്യമുള്ള അധ്യാപക-അനധ്യാപക തസ്തികകൾ സൃഷ്ടിക്കാനുള്ള നടപടികളും അവസാനഘട്ടത്തിലാണ് ഈ സൗകര്യങ്ങൾ എല്ലാം നേരിട്ട് പരിശോധിച്ചതിനു ശേഷമേ യുജിസി കോഴ്സുകൾക്ക് അംഗീകാരം നൽകുകയുള്ളൂ ഇവ സമയ ബന്ധിതമായി പൂർത്തിയാക്കി എല്ലാ കോഴ്സുകൾക്കും യുജിസി യുടെ അംഗീകാരം ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നത്. |
| (സി) | പ്രസ്തുത ഓപ്പൺ സർവ്വകലാശാലയ്ക്ക് യു.ജി.സി. അംഗീകാരം ലഭിക്കാൻ കാലതാമസം നേരിടുകയും മറ്റ് സർവ്വകലാശാലകൾക്ക് പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തുവാൻ അനുമതി നിഷേധിക്കുകയും | (സി) | ഓപ്പൺ സർവ്വകലാശാലയുടെ കോഴ്സുകൾക്ക് യു.ജി.സി അംഗീകാരം നേടുന്നതിന് കാലതാമസം ഉണ്ടാകുന്ന സാഹചര്യത്തിൽ അത്തരം കോഴ്സുകൾക്ക് പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് അസൗകര്യം |

| | | | |
|---|---|---|---|
| | ചെയ്യതിലൂടെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ലക്ഷക്കണക്കിന് വിദ്യാർത്ഥികൾക്ക് അവസരം നിഷേധിക്കപ്പെടുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇത് ഒഴിവാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | | ഉണ്ടാകാതിരിക്കുന്നതിനായി നിലവിൽ വിദൂര/ പ്രൈവറ്റ് രജിസ്ട്രേഷനുകളിൽ കോഴ്സുകൾ നടത്തുന്ന സർവ്വകലാശാല കളിൽതന്നെ കോഴ്സുകൾ തുടർന്നു നടത്തുന്നതിനുതകുന്ന വിധത്തിൽ നിയമപരമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | ഇതര സർവ്വകലാശാലകൾ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തുന്നത് വിലക്കുന്ന വ്യവസ്ഥ വിദ്യാർത്ഥികളുടെ ഭാവി കണക്കിലെടുത്ത് ഒഴിവാക്കി നിയമഭേദഗതി കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | ഓപ്പൺ സർവ്വകലാശാലയുടെ കോഴ്സുകൾക്ക് യു.ജി.സി അംഗീകാരം നേടുന്നതിന് കാലതാമസം ഉണ്ടാകുന്ന സാഹചര്യത്തിൽ അത്തരം കോഴ്സുകൾക്ക് പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് അസൗകര്യം ഉണ്ടാകാതിരിക്കുന്നതിനായി നിലവിൽ വിദൂര/ പ്രൈവറ്റ് രജിസ്ട്രേഷനുകളിൽ കോഴ്സുകൾ നടത്തുന്ന സർവ്വകലാശാല കളിൽതന്നെ കോഴ്സുകൾ തുടർന്നു നടത്തുന്നതിനുതകുന്ന വിധത്തിൽ നിയമപരമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ